## 943

*രീതി: അരുമതാതാ! നിന്റെ*

വരിക വേഗം ദേവാ തവ
തിരുജനങ്ങൾക്കുള്ള ദുരിതങ്ങൾ തീർക്കുവാൻ-വരിക വേഗം
വരിക നീ ധരണിയിൽ വേഗം വന്നു
തരിക നിൻ തിരുകൃപാസേകം ദിവ്യ
ഭരണം വരണം കരുണക്കടലേ കാന്താ നീ-

1 യുദ്ധശ്രുതികൾ കാതിൽ മുഴങ്ങുന്നേ മർത്യർ
ക്രുദ്ധവൈരികളായി പൊരുതുന്നേ ഇദ്ധരണീതലം ഹാ! നടുങ്ങുന്നേ
ക്ഷാമ ബദ്ധരായ് മർത്യരെല്ലാം കുഴങ്ങുന്നേ-നിന്റെ
വരവല്ലാതൊരു ഗതിയില്ല ദിവ്യ
ഭരണം വരണം കരുണക്കടലേ കാന്താ നീ-

2 കൊള്ളക്കാർ പീഡനങ്ങൾ തുടരുന്നേ നിന്നെ
തള്ളിപ്പറഞ്ഞു പലർ പിരിയുന്നേ പലർക്കുള്ളത്തിലെഴും സ്നേഹം
കുറയുന്നേ-നിന്റെ വരവല്ലാ-തൊരു ഗതിയില്ല ദിവ്യ
ഭരണം വരണം കരുണക്കടലേ കാന്താ നീ-

3 അത്തിവൃക്ഷം തളിർത്തു തുടങ്ങുന്നേ
വേനലടുത്തുപോയെന്നു ഞങ്ങൾ കരുതുന്നേ
അത്തൽ തീരുവാൻ ഞങ്ങൾ കൊതിക്കുന്നേ-നീയി-
ങ്ങടുക്കൽ വാതിൽക്കലായെന്നറിയുന്നേ-നിന്റെ
വരവല്ലാതൊരു ഗതിയില്ല ദിവ്യ
ഭരണം-വരണം-കരുണക്കടലേ കാന്താ നീ-

4 ശോകത്താൽ ഹൃദയം ഹാ! കലങ്ങാതെ ഞങ്ങൾ
ലോകത്തിൻ മടിത്തട്ടിൽ മയങ്ങാതെ ദുഷ്ടദാസരായ് ഞങ്ങൾ
ഭവിക്കാതെ കൃപാ വൃഷ്ടി വർഷിക്കണം നീ കുറയാതെ നിന്റെ
വരവല്ലാതൊരു ഗതിയില്ല ദിവ്യ
ഭരണം-വരണം-കരുണക്കടലേ കാന്താ നീ- **M.E.C.**